DESPATCHED
8/3/23....

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 398*(2)/2021*/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **8947**/എസ്.ഐ.സി-ജി 6/21)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.എം.ജോസഫ്,
സംസ്ഥാന ജനറൽ സെക്രട്ടറി,
ജനകീയ വിവരാവകാശ പ്രവർത്തക സമിതി
സംസ്ഥാന ഘടകം, മഞ്ഞാക്കൽ,
കാവുംഭാഗം പി.ഒ.,
കോട്ടയം - 686 519. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
വെള്ളാവൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
മണിമല പി.ഒ., കോട്ടയം - 686 543. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.03. 2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.04. 2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 06.08.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.08 2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എം.എം.ജോസഫ്, 06.08.2021ന് സമർപ്പിച്ച പരാതി ഹർജി 10.08.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.398(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയി ല്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 29.03.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേ ക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടി പഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ചും അപേക്ഷയോടൊപ്പം പ്ലാനും ആവശ്യമായ രേഖകളും ഹാജരാക്കുന്നതു സംബന്ധിച്ചും പഞ്ചായത്ത് നിർദ്ദേശിക്കുന്ന പ്രകാരം ഫീസ് അട യ്ക്കുന്നത്, യഥാസമയം പെർമിറ്റ് കൊടുക്കാതെ ഇരിക്കുന്നത്, മണ്ണു നീക്കം ചെയ്യുന്ന തിനുള്ള അപേക്ഷ പരിഗണിക്കാതെ ഇരിക്കുന്നത്, ബിൽഡിംഗ് പെർമിറ്റ് മാത്രം കൊടു ത്തുകൊണ്ട് അപേക്ഷകനെ ബുദ്ധിമുട്ടിക്കുന്നത് എന്നിവ സംബന്ധിച്ച് 5 ഇനങ്ങളിലാ യുള്ള വിവരങ്ങളാണ്.

ആയതിന് 26.04.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) പകർപ്പ് ഫീസ് 12/- രൂപ അടച്ച് അപേക്ഷാ പകർപ്പ് കൈപ്പറ്റാവുന്നതാ ണെന്നും
2) (3) എന്നിവയ്ക്ക് പകർപ്പ് ഫീസ് 2/- രൂപ അടച്ച് പകർപ്പ് കൈപ്പറ്റാവുന്നതാ ണെന്നും
4) മണ്ണ് നീക്കം ചെയ്യുന്നത് സംബന്ധിച്ച ഉത്തരവുകൾ സർക്കാരിന്റെ www.isgkerala.gov.in നമ്പർ സൈറ്റിൽ ലഭ്യമാണെന്നും ടിയാന് ആവശ്യ മായ ഉത്തരവിന്റെ നമ്പർ നൽകുകയും പകർപ്പ് ഫീസ് അടക്കുകയും ചെയ്യുന്ന മുറയ്ക്ക് ടി ഉത്തരവ് ലഭ്യമാക്കുന്നതാണെന്നാണ്.
5) കെട്ടിടം പണിയുന്നതിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 പ്രകാരമുള്ള വ്യവസ്ഥകളും ചട്ടങ്ങളും സാഹചര്യങ്ങൾക്കനുസരിച്ച് പാലി ക്കേണ്ടതാണെന്നും
6) കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടിയാണ് ബിൽഡിംഗ് പെർമിറ്റിനും ഡെവലപ്മെന്റ് പെർമിറ്റിനുമായി സമർപ്പിക്കുന്ന അപേക്ഷകളിൽ സ്വീകരിക്കുന്നതെന്നുമാണ്.

4. 23.01.2023 തീയതി കമ്മീഷൻ കോട്ടയം പി.ഡബ്ലിയു.ഡി. റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരാ യില്ല. എതിർകക്ഷി ഹാജരായിരുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യ

പ്പെട്ട രേഖകൾ എതിർകക്ഷി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമം വകുപ്പ് 7(3)(a) പ്രകാരമല്ല ഹർജിക്കാരന് മറുപടി നൽകിയിരിക്കുന്നതെന്ന് കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ പരാതി ഹർജികളിൽ വിവരങ്ങളോ, മറുപടിയോ, രേഖകളോ യാതൊന്നും നൽകണമെന്നു നിയമപരമായി നിർദ്ദേശിക്കാൻ കഴിയുന്നതല്ല. മറുപടി ലഭ്യമാക്കുന്നതിൽ എസ്.പി.ഐ.ഒ.യുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ, ടി എസ്.പി.ഐ.ഒ.യക്കെതിരെ നടപടി എടുക്കാൻ മാത്രമേ വിവരാവകാശ നിയമം അനുശാസിക്കുന്നുള്ളു. ആയതിനാൽ ഈ പരാതി ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 ഫെബ്രുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/